(Pages : 4) **P – 3517**

Reg. No. : ...............................

Name : ...................................

**First Semester B.A./B.Sc./B.Com. Degree Examination, November 2022**

**First Degree Programme under CBCSS**

**Double Main Programme**

**Language Course – Additional Language - Malayalam**

**ML 1111.4 : ഗദ്യസാഹിത്യം**

**(2020 Admission Onwards)**

Time : 3 Hours Max. Marks : 80

I. ഒറ്റ വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. ഇബ്ലുബത്തൂത്ത കഥാപാത്രമായി വരുന്ന ആനന്ദിന്റെ നോവൽ ഏത്?

2. ലക്ഷണമൊത്ത ആദ്യ മലയാള ആത്മകഥ.

3. മനുഷ്യൻ ഇന്ന് നേരിടുന്ന അസ്തിത്വപരവും സ്വത്വപരവുമായ ഏറ്റവും വലിയ സംഘർഷം എന്താണ്?

4. വെടിവെട്ടം ആരുടെ കൃതിയാണ്?

5. താഴെ പറയുന്നതിൽ ശരിയായ പദം തെരഞ്ഞെടുത്തെഴുതുക.

   (a) അദിധി (b) അദിഥി

   (c) അതിഥി (d) അതിധി

P.T.O.

St. Xaviers College Library

6. തകഴിയുടെ ആദ്യ കഥയേത് ?

7. മലയാളത്തിലെ ആദ്യകഥയായ വാസനാവികൃതി പ്രസിദ്ധീകരിച്ചത് ഏത് മാസികയിലാണ് ?

8. 'രമണീയം ഒരു കാലം' ആരുടെ ഉപന്യാസ സമാഹാരമാണ് ?

9. 'ഇറച്ചിക്കോഴികൾ വില്പനക്ക്' എന്ന ബോർഡ് തൂങ്ങുന്നത് ഏതു കൃതിയിലാണ്?

10. താഴെ കൊടുത്തിരിക്കുന്ന വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.

അനേകവർഷങ്ങൾ കഴിഞ്ഞാണ് ഞങ്ങൾ തമ്മിൽ കണ്ടത്.

**(10 × 1 = 10 Marks)**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. 'കണ്ണടക്കാരന്റെ ഷൂസിനടിയിൽ പാതാളത്തിലേക്ക് താഴ്ന്നു പോകാൻ തയ്യാറായി മാരൻ കിടന്നു.' – വിവക്ഷിതമെന്ത്?

12. വിവർത്തനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?

13. പാരമ്പര്യത്തെക്കുറിച്ച് എലിയറ്റിന്റെ വീക്ഷണം എന്താണ്?

14. വൈക്കം മുഹമ്മദ് ബഷീറിന്റെ നോവലുകളുടെ ആഖ്യാനത്തിലെ പ്രത്യേകതകൾ എന്തെല്ലാമാണ്?

15. എന്താണ് ആത്മകഥ?

16. ഭാഷയിലെയും പ്രമേയത്തിലെയും യാഥാസ്ഥിതിക വഴക്കങ്ങളെ മുറിച്ചു കടന്ന് പെണ്ണെഴുത്തിന് പുതിയ ഭാഷ്യം കുറിക്കുന്നവയാണ് സിതാരയുടെ കഥകൾ എന്ന് സമർത്ഥിക്കുക.

17. പ്രകൃതി സംസ്കൃതി ദ്വന്ദ്വത്തിന്റെ പാരസ്പര്യസംഘർഷങ്ങളുടെ സാംഗത്യം വിലയിരുത്തുക.

18. 'എന്നിൽ മറ്റൊരു ഞാൻ ജനിച്ചു' എപ്പോൾ? എങ്ങനെ? വിശദീകരിക്കുക.

19. ദലിത് നോവലുകളുടെ സവിശേഷതകൾ ഏതെങ്കിലുമൊരു നോവലിനെ അടിസ്ഥാനമാക്കി വിവരിക്കുക.



St. Xaviers College Library

20. 'ഇങ്ങനെ അനന്യസുലഭമായ അസാധാരണ സിദ്ധികളാണ് മനുഷ്യൻ കൈവരിച്ചത്' എന്തൊക്കെയാണ് ആ സിദ്ധികൾ?

21. വേണ്ടാത്ത വാക്കുകൾ പ്രയോഗിക്കുന്നതുകൊണ്ടുള്ള പ്രശ്നങ്ങൾ ഉദാഹരണസഹിതം വിശദീകരിക്കുക.

22. സ്റ്റൗവ്വിന്റടുത്ത് അമ്മ ഇരിക്കാറുള്ള തേഞ്ഞ പലക എന്തിനെ സൂചിപ്പിക്കുന്നു?

23. ജീവചരിത്രത്തിന്റെ മറ്റൊരു വിഭാഗമായ കേട്ടെഴുത്തുകളെക്കുറിച്ച് വിശദീകരിക്കുക.

24. 'അവിടങ്ങളിലെ എഴുത്തുകാർക്ക് മേലിൽ സ്ത്രീസ്വഭാവചിത്രീകരണത്തിന്മേൽ മാത്രം പട്ടും വളയും വാങ്ങാൻ ഇടയാവുകയില്ല.' എവിടുത്തെ? എന്തുകൊണ്ട്?

25. എന്താണ് ഉപന്യാസം?

26. 'നിറവയറുള്ളോനേ മറ്റൊരാളുടെ നിറയാവയറിനെപ്പറ്റി ചോദിക്കാവൂ' - വിവക്ഷിതമെന്ത്?

**(8 × 2 = 16 Marks)**

III. **നൂറ്റിയിരുപതു** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

27. പദശുദ്ധി, വാക്യശുദ്ധി എന്നീ ആശയങ്ങളുടെ സമകാലിക പ്രസക്തി എന്ത്?

28. 'പലതരം അസംതൃപ്തികളാണ് മണ്ണ് എന്ന കഥയിൽ നിന്ന് ഉയർന്നുവരുന്നത്.' ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എങ്ങനെ?

29. 'ആ കല്ലറയ്ക്കുള്ളിലെ ഹൃദയം സ്പന്ദിക്കുകയും ആ സ്പന്ദനം ഒരു പല്ലവിയായുയരുകയും ചെയ്യുന്ന ദൃശ്യം ഞാൻ സങ്കല്പിച്ചു.' - സന്ദർഭം വിവരിക്കുക.

30. സാമൂഹിക സാംസ്കാരിക രാഷ്ട്രീയരംഗത്തുണ്ടായ സംഭവവികാസങ്ങൾ എങ്ങനെയാണ് തകഴി, ബഷീർ, ദേവ് തുടങ്ങിയവരുടെ തലമുറയിലെ എഴുത്തുകാരെ സ്വാധീനിച്ചതെന്ന് വിശദീകരിക്കുക.

31. ഉപന്യാസരചനയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?

32. എഴുത്തുകാർ സ്ത്രീകഥാപാത്രങ്ങൾക്കു നേരെ കൂടുതൽ സഹാനുഭൂതി പ്രകടിപ്പിക്കുന്നു എന്ന മുണ്ടശ്ശേരിയുടെ വാദത്തിലെ യുക്തികൾ പരിശോധിക്കുക.

33. കർണ്ണന്റെ ജീവിതം സെബാസ്റ്റ്യൻ എന്ന വ്യക്തിയുടെ ജീവിതത്തിലെ നിർണ്ണായക സ്വാധീനമായിത്തീരുന്നത് ഏതു വിധത്തിലാണ്?

34. വേണ്ടാത്ത പരത്തലും വേണ്ടുന്ന പരത്തലും എന്തൊക്കെയാണെന്നാണ് പന്മനയുടെ അഭിപ്രായം?

35. യോഗക്ഷേമസഭയുമായി ബന്ധപ്പെട്ട് വി.ടി. ഭട്ടതിരിപ്പാടിന്റെ ഓർമ്മകൾ എന്തൊക്കെയാണ്?



St. Xaviers College Library

36. യാത്രാവിവരണത്തിന്റെ സവിശേഷതകൾ എന്തെല്ലാമാണ്?

37. തൂക്കുതട്ടിന്റെയും തലപ്പാവണിഞ്ഞ വ്യാപാരിയുടെയും ചിത്രം സദനത്തിനും ലോകത്തിനു തന്നെയും ചേരുമെന്ന് സിറിയക്കിനു തോന്നാൻ കാരണമെന്ത്?

38. കവിതയുടെ ജീവിതം പ്രകൃതിയാണെന്ന് എസ്. രാജശേഖരൻ സമർത്ഥിക്കുന്നതെങ്ങനെ?

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

39. കഥാശില്പം, പ്രമേയം, ആഖ്യാനം എന്നിങ്ങനെ വ്യത്യസ്ത തലങ്ങളിൽ 'വൃദ്ധസദനം' മലയാളത്തിലെ ഉത്തരാധുനിക നോവലുകളുടെ തുടക്കമാണെന്ന പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

40. പ്രധാനപ്പെട്ട ശൈലീദോഷങ്ങൾ എന്തെല്ലാമാണ്? ഉദാഹരണസഹിതം വിശദീകരിക്കുക.

41. 'സ്ത്രീയും നിതീബോധവും : സമീപനങ്ങൾ, സാധ്യതകൾ' എന്ന വിഷയത്തിൽ ഒരു ഉപന്യാസം തയ്യാറാക്കുക.

42. മലയാള ചെറുകഥയുടെ ആവിർഭാവവും വികാസവും ഏറ്റവും പുതിയ കാലത്തുവരെ എത്തിനിൽക്കുന്ന അതിന്റെ പരീക്ഷണാത്മകതകളും വിമർശനാത്മകമായി വിലയിരുത്തുക.

43. തകഴിയുടെ കഥകളിൽ തെളിയുന്ന പ്രകൃതി, മനുഷ്യരുൾപ്പെടെയുള്ള ചരാചരങ്ങൾ തുടങ്ങിയവയുടെ പ്രത്യേകതകൾ ഉദാഹരണസഹിതം വിശദീകരിക്കുക.

44. കാലാകാലങ്ങളായി സാഹിത്യത്തിൽ സ്ത്രീയെ എങ്ങനെയാണ് അവതരിപ്പിച്ചു പോന്നിട്ടുള്ളതെന്നും ഇപ്പോൾ എന്തു മാറ്റമാണ് അവയ്ക്ക് വന്നിട്ടുള്ളതെന്നുമാണ് മുണ്ടശ്ശേരി സ്ഥാപിക്കുന്നത്?

**(2 × 15 = 30 Marks)**

St. Xaviers College Library